● കവർസ്റ്റോറി

# മാർക്സിസത്തെക്കുറിച്ച് ബാഖിർ സ്വദ്ർ

**കെ.എം**

**ഇരുപതാം** നൂറ്റാണ്ടിലെ ഇസ്‌ലാമിക തത്ത്വചിന്തകന്മാരിൽ പ്രമുഖനാണ് മുഹമ്മദ് ബാഖിർ സ്വദ്ർ. അദ്ദേഹത്തിന്റെ 'നമ്മുടെ തത്ത്വചിന്ത' (ഫൽസഫതുനാ) എന്ന കൃതി പ്രസിദ്ധമാണ്. ഇതിന് അനുബന്ധമായി ഭൗതിക പ്രത്യയശാസ്ത്രങ്ങളെ താത്ത്വികമായി വിശകലനം ചെയ്യുന്ന ഒരു കൃതി അദ്ദേഹം എഴുതിത്തുടങ്ങിയിരുന്നു. അത് പൂർത്തിയാക്കാനായില്ല. അതിനിടെ അദ്ദേഹം രക്തസാക്ഷിയായി. ഒരു ആമുഖവും രണ്ട് അധ്യായങ്ങളും മാത്രമേ എഴുതാൻ കഴിഞ്ഞുള്ളൂ. അത് *അൽ ഉസൂസുൽ മൻതിഖിയ്യ ലിൽ ഇസ്തിഖ്റാഅ്* (The Logical Foundations of Induction) എന്ന പേരിൽ സമാഹരിച്ചിട്ടുണ്ട്.

കൃതിയുടെ ആമുഖത്തിൽ ആധുനിക ഭൗതിക പ്രത്യയശാസ്ത്രങ്ങളെക്കുറിച്ച് അദ്ദേഹം സൂക്ഷ്മമായി ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. 'ഇത് തത്ത്വചിന്തക്കു വേണ്ടിയുള്ള തത്ത്വചിന്തയല്ല. മുതലാളിത്ത ഭരണവ്യവസ്ഥകൾക്കും മാർക്സിസത്തിനും ബദലായി ഇസ്‌ലാമിനെ ഉയർത്തിക്കാട്ടുകയാണ് എന്റെ ഉദ്ദേശ്യം'.

മുതലാളിത്ത ജനാധിപത്യ രീതികൾക്ക് ഒരു പ്രത്യയശാസ്ത്രമോ ലോകവീക്ഷണമോ ഇല്ലെങ്കിലും അവയുടെ കാതൽ ഭൗതികതയാണ്. ദൈവപ്രോക്തമായ യാതൊന്നും മുതലാളിത്തം അംഗീകരിക്കില്ല. വ്യക്തിസ്വാതന്ത്ര്യത്തിലാണ് അതിന്റെ ഊന്നൽ. ഓരോ വ്യക്തിയുടെയും അഭിപ്രായ സ്വാതന്ത്ര്യത്തിനും സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങൾക്കും നിലകൊള്ളുന്നു എന്നാണ് മുതലാളിത്തം അവകാശപ്പെടുന്നത്. സമൂഹതാൽപര്യത്തിന്റെ ചെലവിലാണ് പലപ്പോഴും ഇവിടെ വ്യക്തിതാൽപര്യങ്ങൾ സംരക്ഷിക്കപ്പെടുക. ഓരോ വ്യക്തിക്കും അവനവന്റെ താൽപര്യങ്ങൾ നേടിയെടുക്കാൻ അവസരം കൊടുത്താൽ അത് സ്വാഭാവികമായും എത്തിപ്പെടുക സമൂഹ താൽപര്യങ്ങളിലായിരിക്കും, വ്യക്തികൾ ചേർന്നതാണല്ലോ സമൂഹം- ഇതാണതിന്റെ മുതലാളിത്ത യുക്തി.

പക്ഷേ, പ്രയോഗത്തിൽ തൻകാര്യം (Self seeking) നോക്കുന്നവരുടെ സമൂഹമായാണ് മുതലാളിത്ത സമൂഹങ്ങൾ രൂപപ്പെട്ടത്. ധാർമിക മൂല്യങ്ങൾക്ക് യാതൊരു സ്ഥാനവും കൽപിക്കാത്ത ആ സമൂഹങ്ങളുടെ ചിന്താഗതി അടിമുടി ഭൗതികതയിൽ ഉൾച്ചേർന്നു കിടക്കുന്നു. ഇത് സമൂഹക്ഷേമത്തിന് ഏൽപിക്കുന്ന ആഘാതം മാരകമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ അവിടെ ഹനിക്കപ്പെടുന്നു. അനിയന്ത്രിതമായ സാമ്പത്തിക സ്വാതന്ത്ര്യം ഒരു പറ്റം മുതലാളിമാർക്ക് സമൂഹത്തിലെ ഭൂരിപക്ഷത്തെയും അടക്കിവാഴാനും അവരുടെ സ്വാതന്ത്ര്യവും അവകാശങ്ങളും തട്ടിയെടുക്കാനും അവസരമൊരുക്കുന്നു. മുതലാളിമാർ കൈവശം വെക്കുന്ന കനത്ത സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് ബഹുജനമാധ്യമങ്ങളെയും ഭരണകൂടത്തെയും നിയമനിർമാണ-നീതിന്യായ സഭകളെയും കൈപ്പിടിയിലൊതുക്കാൻ അവർക്ക് സാധിക്കുന്നുണ്ട്. വിദേശ രാജ്യങ്ങൾക്കു പോലും രക്ഷയുണ്ടാവില്ല. തുഛം വിലയ്ക്ക് അസംസ്കൃത വിഭവങ്ങൾ സ്വന്തമാക്കാനും കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ ലഭിക്കാനും കമ്പോളം പിടിച്ചടക്കാനുമായി ഈ മുതലാളിമാർ സർവനാടുകളിലും സ്വൈരവിഹാരം നടത്തും. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഇന്നത്തെ മുതലാളിത്ത ജനാധിപത്യത്തിന്റെ നേരിട്ടുള്ള ഉൽപന്നമാണ് സാമ്രാജ്യത്വം. മാനവികത തൊട്ടുതെറിച്ചിട്ടില്ലാത്ത ഈ ശുദ്ധ ഭൗതികതയിൽ സ്നേഹം, കാരുണ്യം, അന്യനു വേണ്ടി പരിത്യജിക്കൽ തുടങ്ങിയ ഉയർന്ന മാനുഷിക മൂല്യങ്ങൾക്ക് യാതൊരു സ്ഥാനവുമുണ്ടാവുകയില്ല.

ഇതിന് പരിഹാരമായാണ് വൈരുധ്യാത്മക ഭൗതികവാദം സമർപ്പിക്കപ്പെടുന്നത്. സ്വകാര്യ സ്വത്താണ് എല്ലാ മുതലാളിത്ത തിന്മകളുടെയും അടിസ്ഥാന കാരണം എന്ന് അത് സിദ്ധാന്തിക്കുന്നു. സ്വകാര്യ സ്വത്ത് ഇല്ലാതാക്കുകയും സ്വത്ത് പൊതു ഉടമയിൽ കൊണ്ടുവരികയും ചെയ്താൽ വ്യക്തികളുടെ അത്യാർത്തി നാശമടഞ്ഞുകൊള്ളും. ഓരോ വ്യക്തിയും തന്റെ അധ്വാന ഫലങ്ങൾ പൊതുനന്മക്കുവേണ്ടി സമർപ്പിച്ചുകൊള്ളും. ഈ കമ്യൂണിസ്റ്റ് പരിഹാരം ചില നന്മകൾ കൊണ്ടുവന്നു എന്ന കാര്യം നിഷേധിക്കാനാവുകയില്ല. പക്ഷേ അവ താൽക്കാലികവും ഭാഗികവുമായി

രുന്നു.

ഈ വ്യവസ്ഥ പ്രയോഗത്തിൽ വരുത്താൻ വേണ്ടി എത്രയോ മനുഷ്യർ കുരുതികൊടുക്കപ്പെടുകയോ ക്രൂരമായ പീഡനങ്ങൾക്ക് ഇരകളാവുകയോ ചെയ്തു. വ്യക്തിയുടെ അന്തസ്സിനും മാന്യതക്കും വിലകൽപിച്ചില്ല. ഇതെല്ലാം കാരണമായി സാമ്പത്തിക പ്രവർത്തനത്തിന് മുൻകൈയെടുക്കാനുള്ള വ്യക്തിയുടെ പ്രചോദനം നഷ്ടമായി.

ബാഖിർ സ്വദ്റിന്റെ വീക്ഷണത്തിൽ, മുതലാളിത്തത്തിന്റെ തിന്മകൾ കിടക്കുന്നത് സ്വകാര്യ സ്വത്തിലല്ല; മനുഷ്യന്റെ ആധ്യാത്മിക വശങ്ങളെ പാടെ നിഷേധിക്കുന്നതിലാണ്. തൻകാര്യം നോക്കുക എന്നത് മനുഷ്യപ്രകൃതിയിൽ നിലീനമായ ഒന്നാണ്. മാർക്സ് ആരോപിക്കുന്ന പോലെ അത് സ്വകാര്യസ്വത്ത് എന്ന സ്ഥാപനത്തിന്റെ ഉൽപന്നമല്ല. വ്യക്തിപരത(individualism)യിൽ അമിതമായി ഊന്നുകയും തൻകാര്യം നോക്കുന്ന മനുഷ്യപ്രകൃതത്തെ ഉയർന്ന ധാർമിക മൂല്യങ്ങളാൽ സംസ്കരിച്ചെടുത്ത് സമൂഹനന്മക്ക് ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തതാണ് സെക്യുലർ ഡെമോക്രസികൾക്ക് വന്ന അപചയം. മുതലാളിത്തത്തിന്റെ വിനാശകരമായ ഭൗതികദർശനം അതേപടി നിലനിർത്തുകയും സ്വകാര്യസ്വത്തിന്റെ ഉന്മൂലനത്തിനു വേണ്ടി വാദിക്കുകയും ചെയ്തു എന്നതാണ് മാർക്സിസത്തിന് പിണഞ്ഞ അബദ്ധം. അധികാരവും സ്വത്തും കൈയടക്കിവെച്ചത് ഇരു സംവിധാനത്തിലും ഒരുപറ്റം ആളുകൾ തന്നെയായിരുന്നു. മുതലാളിത്ത ജനാധിപത്യ സംവിധാനത്തിൽ അത് ഒരു പറ്റം ധനികരായിരുന്നെങ്കിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ പാർട്ടി നേതാക്കളും ഉദ്യോഗസ്ഥവൃന്ദവും ആയിരുന്നു എന്ന വ്യത്യാസം മാത്രം.

മുതലാളിത്തവും കമ്യൂണിസവും മനുഷ്യന്റെ വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്ന ഒരു പ്രത്യയശാസ്ത്രവും ലോകവീക്ഷണവും സമർപ്പിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ഈ പരാജയം രണ്ട് കാരണങ്ങളിലാണ്: ഒന്ന്, തീർത്തും ഭൗതികമായ ലോകവീക്ഷണം. രണ്ട്, മനുഷ്യപ്രകൃതിയെ ശരിയായ വിധം മനസ്സിലാക്കുന്നതിൽ വന്ന വീഴ്ച.

### ഇസ്‌ലാമിന്റെ പരിഹാരം

തന്റെ മൗലികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് രണ്ടാലൊരു വിധം ചിന്തിക്കുകയേ മനുഷ്യന് നിവൃത്തിയുള്ളൂ. ഒന്നുകിൽ തൻകാര്യം നോക്കുന്ന പ്രവണതയിൽനിന്ന് ഏതെങ്കിലും വിധം രക്ഷപ്പെട്ട് ഭൗതികദർശനം നിലനിർത്തിക്കൊണ്ട് തന്നെ പരോപകാരമായിത്തീരുക. അല്ലെങ്കിൽ ഭൗതികദർശനം കൈയൊഴിച്ച് അതിഭൗതികമായ (metaphysical) ഒരു മാനദണ്ഡവും ലക്ഷ്യവും കണ്ടെത്തുക. ഇതിൽ ഒന്നാമത്തേതാണ് കമ്യൂണിസ്റ്റുകാർ തെരഞ്ഞെടുത്തത്. രണ്ടാമത്തെ വഴിയാണ് ഇസ്‌ലാമിന്റേത്. സ്വകാര്യസ്വത്തിനെ അത് തള്ളിപ്പറയുന്നില്ല. മനുഷ്യാസ്തിത്വത്തിന് പുതിയ അർഥതലങ്ങൾ നൽകുകയാണ് ചെയ്യുന്നത്. കമ്യൂണിസത്തെപ്പോലെ, സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളുടെ ഒരു യാന്ത്രിക സൃഷ്ടിയായി അത് മനുഷ്യപ്രകൃതിയെ കാണുന്നില്ല. വ്യക്തിയുടെ ദയാദാക്ഷിണ്യങ്ങൾക്ക് അത് സമൂഹത്തെ വിട്ടുകൊടുക്കുകയുമില്ല.

ജീവിതത്തിന് ഭൗതികാതീതമായ ഉത്ഭവവും ഉണ്മയുമുണ്ടെന്നാണ് ഇസ്‌ലാമിന്റെ വീക്ഷണം. ഈ ലോകം മറ്റൊരു ലോകത്തിന്റെ ആമുഖമാണ്. ദൈവത്തിന്റെ തൃപ്തിയും അംഗീകാരവും നേടുക എന്നതാണ് ഏതൊരു മനുഷ്യപ്രവൃത്തിയുടെയും ഏറ്റവും ഉയർന്ന മാനദണ്ഡവും മൂല്യവും. തൻകാര്യം നോക്കാനുള്ള പ്രവണത മനുഷ്യപ്രകൃതിയിൽ നിലീനമാണെന്നാണ് മനുഷ്യചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. അത് ഇല്ലായിരുന്നെങ്കിൽ സ്വന്തം ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ത്വര മനുഷ്യനിൽ ഉണ്ടാകുമായിരുന്നില്ല. മനുഷ്യപ്രകൃതിയെ ശരിയായ രീതിയിൽ വിലയിരുത്താതെ സമർപ്പിക്കപ്പെടുന്ന പരിഹാരനിർദേശങ്ങൾക്കൊന്നും നിലനിൽക്കാനാവുകയില്ല.

ഈ ലോകത്തെ പരലോകത്തിന്റെ മുന്നോടിയായി കണ്ടും ജീവിതത്തിന് ഭൗതികാതീതമായ വ്യാഖ്യാനം നൽകിയും വ്യക്തിതാൽപര്യങ്ങളെ സമൂഹനന്മയുമായി ഇണക്കിച്ചേർക്കാനാണ് ഇസ്‌ലാം ശ്രമിക്കുന്നത്. അധ്വാനത്തിന്റെ പരമമായ ലക്ഷ്യം ദൈവപ്രീതിയാണ്. അപ്പോഴവിടെ വ്യക്തിയുടെയും സമൂഹത്തിന്റെയും താൽപര്യങ്ങൾ തമ്മിൽ ഏറ്റുമുട്ടലുണ്ടാവില്ല. കാരണം നീതിപൂർണവും ക്ഷേമനിർഭരവുമായ ഒരു സമൂഹത്തിന്റെ നിർമിതിക്കു വേണ്ടി പണിയെടുക്കുന്നത് ഓരോ വ്യക്തിയുടെയും പരലോകമോക്ഷം സാധ്യമാക്കുമെന്നാണ് ഇസ്‌ലാമിന്റെ വാഗ്ദാനം. ഈയൊരു കാഴ്ചപ്പാട് ഭൗതികദർശനത്തിന്റെ ഏതൊരു ചട്ടക്കൂട്ടിലും സാധ്യമേയല്ല. ഇസ്‌ലാമിന്റെ ലോകവീക്ഷണം അനന്ത സാധ്യതകളാണ് മനുഷ്യന് മുമ്പിൽ തുറന്നിടുന്നത്. ഈ നശ്വര ലോകത്ത് ഭൗതികമായി നഷ്ടങ്ങൾ ഉണ്ടായാൽ തന്നെ അനശ്വരമായ സദ്ഫലങ്ങൾ കാത്തിരിക്കുന്നുവെന്ന് അവനെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ട് ഇസ്‌ലാം.

ആമുഖത്തിനു ശേഷമുള്ള രണ്ട് അധ്യായങ്ങളിലും മാർക്സിസത്തെക്കുറിച്ചുള്ള താത്ത്വിക ചർച്ചകളാണ്. പ്ലേറ്റോ മുതൽക്കിങ്ങോട്ടുള്ള ഗ്രീക്ക്-റോമൻ-യൂറോപ്യൻ ചിന്തകരിലെല്ലാം ജീവിതത്തെക്കുറിച്ചുള്ള ഭൗതികദർശനം രൂഢമൂലമായിരുന്നുവെന്നും അവയിൽ ചിലത് സ്വാംശീകരിക്കുക മാത്രമാണ് മാർക്സ് ചെയ്തതെന്നും ബാഖിർ സ്വദ്ർ സമർഥിക്കുന്നു. ■